**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 169** **01-09-2022 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കുള്ള ശിക്ഷ കർശനമാക്കിയിട്ടും അതിക്രമങ്ങൾ കൂടിവരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരം കേസ്സുകളിൽ കുറ്റക്കാരെ രാഷ്ട്രീയ പരിഗണന കൂടാതെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് സാധിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | സ്ത്രീകൾക്കെതിരെയുള്ള അതിക്രമ കേസുകളിൽ നിഷ്പക്ഷമായി അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നുണ്ട് അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ലഭിക്കുന്ന മുറയ്ക്ക് താമസം കൂടാതെ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി തെളിവുകൾ ശേഖരിച്ച് കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | സ്ത്രീകളെ ആക്രമിച്ച് സ്വർണവും പണവും കവരുന്ന സംഘങ്ങൾ സംസ്ഥാനത്ത് വളർന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ